LIBRARY ARCHIVES Kerala Legislative Assembly

മാർജിൻ ഫ്രീ ഷോപ്പുകളുടെ പ്രവർത്തനം

32 [3376] ശ്രീ. ടി. കെ ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര മാർജിൻ ഫ്രീ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) മാർജിൻ ഫ്രീ ഷോപ്പുകളുടെ ഘടനയും പ്രവർത്തന രീതിയും എങ്ങനെയാണ്;

(സി) മാർജിൻ ഫ്രീ ഷോപ്പുകളിൽ സർക്കാരിന് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം നിലവിലുണ്ടോ;

(ഡി) മാർജിൻഫ്രീ ഷോപ്പുകളിൽ വ്യത്യസ്ത നിലയിൽ ചാർജുകൾ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മാർജിൻ ഫ്രീ ഷോപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ നിയന്ത്രണത്തിലല്ലാത്ത ഈ സ്വകാര്യ വ്യാപാര സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ച വിവരം ലഭ്യമല്ല.

(ബി) ബാധകമല്ല.

(സി) സ്വകാര്യ കച്ചവട സ്ഥാപനങ്ങൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ചട്ടങ്ങളും മാർജിൻ ഫ്രീ ഷോപ്പുകൾക്കും ബാധകമാണ്.

(ഡി) ഇല്ല.

(ഇ) ഇപ്പോൾ നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

റേഷൻ വിതരണത്തിലുള്ള കേന്ദ്രവിഹിതം

33 [3377] ശ്രീ. പിരപ്പൻകോട് മുരളി:

,, സാജു പോൾ:

,, രാജു എബ്രഹാം:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണത്തിനായി കേന്ദ്രം അനുവദിച്ചിട്ടുള്ള അലോട്ട്മെന്റ് പൂർണ്ണമായും വിനിയോഗിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ അരി, പഞ്ചസാര, ഗോതമ്പ്, മണ്ണെണ്ണ എന്നിവയുടെ വിഹിതത്തിൽ എന്ത് കുറവ് വീതമാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം അനുവദിച്ചു കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് റേഷൻ വിതരണത്തിനായി ബി.പി.എൽ., എ.എ.വൈ. വിഭാഗങ്ങൾക്കായി കേന്ദ്രം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും വിഹിതം പൂർണ്ണമായി വിനിയോഗിക്കുന്നുണ്ട്. എന്നാൽ എ.പി.എൽ. വിഭാഗത്തിന് അനുവദിക്കുന്ന അരിയുടെയും ഗോതമ്പിന്റെയും വിഹിതം പൂർണ്ണമായി വിനിയോഗിക്കുന്നില്ല. കഴിഞ്ഞ ഒരു വർഷം (2004 ജനുവരി മുതൽ ഡിസംബർ വരെ) വിവിധ പദ്ധതികളിലായി കേന്ദ്രം അനുവദിച്ച ഭക്ഷ്യധാന്യങ്ങളുടെയും മണ്ണെണ്ണയുടെയും അലോട്ട്മെന്റ്, ഓഫ്ടേക്ക് എന്നിവയെ സംബന്ധിച്ച കണക്ക് അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു.†

(ബി ആന്റ് സി) അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ വിഹിതത്തിൽ കുറവു വരുത്തിയിട്ടില്ല. മണ്ണെണ്ണയുടെ വിഹിതത്തിൽ കുറവു വരുത്തിയിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷത്തിൽ കേന്ദ്രം മണ്ണെണ്ണ അനുവദിച്ചതിന്റെയും കുറവു വരുത്തിയതിന്റെയും വിവരങ്ങൾ അനുബന്ധം 2-ൽ കൊടുത്തിരിക്കുന്നു.†

ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ആളുകളിൽനിന്നും കൂടുതൽ പാവപ്പെട്ട 471800 കുടുംബങ്ങളെ അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തി, പ്രസ്തുത പദ്ധതിപ്രകാരം പ്രത്യേകം അലോട്ട്മെന്റ് അനുവദിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ബി.പി.എൽ. അരിയുടെ അലോട്ട്മെന്റിൽ ആനുപാതികമായ കുറവു വരുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ ആവശ്യകത അനുസരിച്ച് മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിലക്കയറ്റം നിയന്ത്രിക്കുന്നതിനുള്ള സർക്കാർ നടപടികൾ

34 [3378] ശ്രീ. ടി. കെ ബാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സർക്കാർ ഏജൻസികൾ നടത്തുന്ന ഇടപെടലിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

† അനുബന്ധം V, VA

LIBRARY ARCHIVES Kerala Legislative Assembly